LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ശർമ്മ : 1998 ഡിസംബറിൽ തന്നെ തിരുവനന്തപുരം ജില്ലയെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഭരണാനുമതി നൽകി കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കെ.എ. ചന്ദ്രൻ : പാലക്കാട് ജില്ലയിൽ സഹകരണ സ്വാശ്രയ സഹായ പദ്ധതി നടപ്പിലാക്കിയതായി ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഇതിന് അട്ടപ്പാടി പ്രദേശത്ത് നൽകിയ വായ്പകൾ അർഹതയില്ലാത്ത ആളുകൾക്കും ബിനാമികൾക്കും നൽകിയെന്ന് ആക്ഷേപമുണ്ട്; പത്ര വാർത്തയും വന്നിട്ടുണ്ട്. ഇത് ഗവണ്മെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഇതിന് എന്ത് നടപടി സ്വീകരിച്ചു; അർഹതപ്പെട്ട ആളുകൾക്ക് സഹായപദ്ധതി ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ വേണ്ടത് ചെയ്യുമോ?

ശ്രീ. എസ്. ശർമ്മ : ബഹുമാനപ്പെട്ട അങ്ങ് ചൂണ്ടിക്കാണിച്ച പരാതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : പരീക്ഷണാടിസ്ഥാനത്തിൽ ആദ്യമായി കണ്ണൂർ ജില്ലയിലാണ് ഈ പരിപാടി 43 സഹകരണസംഘങ്ങളിലായിട്ട് 217 കേന്ദ്രങ്ങൾ ആരംഭിച്ചതെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുകയുണ്ടായി. പക്ഷേ നമുക്ക് വേണ്ടത്ര പ്രചരണം സിദ്ധിച്ച് കഴിഞ്ഞിട്ടില്ല. അതുകൊണ്ടുതന്നെ ജനപങ്കാളിത്തത്തിന്റെ ഭാഗമായി വീണ്ടും കൂടുതൽ സ്വാശ്രയ ഗ്രൂപ്പുകൾ ആരംഭിക്കുന്നതിനുവേണ്ട പ്രവർത്തനവും വേണ്ടത്ര വിജയമാകുന്നില്ല. കണ്ണൂർ ജില്ലയിൽ വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഹരിതസംഘങ്ങളുണ്ട്. അതുകൊണ്ട് അവിടത്തെ സ്വാശ്രയ സഹായപദ്ധതി അവിടത്തെ ഹരിതസംഘങ്ങളുമായി സമന്വയിപ്പിക്കത്തക്കരീതിയിൽ പരിപാടികൾ ആസൂത്രണം ചെയ്താൽ കാർഷിക മേഖലയിൽ ഗ്രൂപ്പുകളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ സാധിക്കുമെന്ന കാര്യം വ്യക്തമായിട്ടുണ്ടോ; അതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. എസ്. ശർമ്മ : ആ നിർദ്ദേശം പരിഗണിക്കാം.

4 (*34) വൈദ്യുതി റഗുലേറ്ററി അതോറിറ്റി

ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. ടി.എം. ജേക്കബ് :

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വൈദ്യുതി റഗുലേറ്ററി അതോറിറ്റി രൂപീകരിക്കണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിരുന്നുവോ;

(ബി) വൈദ്യുതി റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാതിരിക്കുന്നതുകൊണ്ട് കേന്ദ്രപൂളിൽ നിന്നുള്ള വൈദ്യുതി വിഹിതത്തിലും കേന്ദ്ര പദ്ധതി വിഹിതത്തിലും കുറവുണ്ടാകുമോ;

(സി) വൈദ്യുതി റഗുലേറ്ററി അതോറിറ്റിയുടെ ചുമതലകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) വൈദ്യുതി റഗുലേറ്ററി അതോറിറ്റി രൂപീകരിച്ചിട്ടില്ലാത്ത ഏക ദക്ഷിണേന്ത്യൻ സംസ്ഥാനമാണ് കേരളം എന്ന കാര്യം ഗവണ്മെന്റിനറി വുണ്ടോ;

(ഇ) അതോറിറ്റി രൂപീകരണം നടക്കാത്തതുമൂലം വൈദ്യുതി ധന കാര്യ കോർപ്പറേഷൻ അനുവദിച്ച 10 ശതമാനം ഇളവ് പ്രയോജനപ്പെടുത്താൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇതുമുഖേന ഇതേവരെ ലഭിക്കാമായിരുന്ന ലാഭം എത്രയായി രുന്നു എന്ന് കണക്കാക്കി വെളിപ്പെടുത്തുമോ;

(ജി) സംസ്ഥാനത്ത് വൈദ്യുതി റഗുലേറ്ററി അതോറിറ്റി രൂപീകരി ക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ;

(എച്ച്) ഇല്ലെങ്കിൽ അതോറിറ്റി രൂപവൽക്കരിക്കുന്നതിനുള്ള തടസ്സ ങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ഐ) റഗുലേറ്ററി അതോറിറ്റി രൂപീകരണത്തിനു മുമ്പ് വൈദ്യുതി നിരക്കുകൾ ഉയർത്തിയതിന്റെ ഔചിത്യത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ജെ) എത്രയും പെട്ടെന്ന് അതോറിറ്റി രൂപീകരിച്ച്, ഏറ്റവും ഒടുവിൽ നടപ്പാക്കിയ താരിഫ് വർദ്ധനയിലെ അപാകത പരിശോധിച്ച് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ,

(എ) 1999-ലെ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ ആക്ടിലെ 17(1) അനുസരിച്ച് ഇൻഡ്യാ രാജ്യത്തെ എല്ലാ സ്റ്റേറ്റുകളും സ്റ്റേറ്റ് ഇലക്ട്രി സിറ്റി റഗുലേറ്ററി കമ്മീഷനുകൾ രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്;

(ബി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും അറിയിപ്പുകളൊ ന്നും സർക്കാരിന് ലഭിച്ചിട്ടില്ല.

(സി) കേരളത്തിൽ വൈദ്യുതി റെഗുലേറ്ററി അതോറിറ്റി രൂപീകരി ക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നതേയുള്ളൂ.

(ഡി) ഉണ്ട്.

(ഇ) വൈദ്യുതി റെഗുലേറ്ററി അതോറിറ്റി രൂപീകരിച്ചിട്ടുള്ള സംസ്ഥാ നങ്ങളിലെ ഇലക്ട്രിസിറ്റി ബോർഡുകൾ പവർ ഫൈനാൻസ് കോർപ്പറേഷ നിൽ നിന്നും എടുത്ത വായ്പയുടെ പലിശയിൽ ഒരു ശതമാനം ഇളവു കൊടു ക്കുമെന്നാണ് വ്യവസ്ഥ.

(എഫ്) 1998-99-നുശേഷം പവർ ഫൈനാൻസ് കോർപ്പറേഷൻ ലോണു കളൊന്നും അനുവദിച്ചിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള ഇളവ് കണക്കാക്കേണ്ടി വന്നിട്ടില്ല.

(ജി)&(എച്ച്) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

(ഐ) റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനു മുൻപ് വൈദ്യുതി നിരക്കുകൾ ഉയർത്തുന്നതിന് ബോർഡിനും സർക്കാരിനും അധി കാരമുണ്ട്. റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാത്ത സാഹചര്യത്തിൽ സർക്കാരിന്റെ അനുവാദത്തോടുകൂടി വൈദ്യുതി നിരക്ക് ഉയർത്തിയ ബോർഡിന്റെ നടപടിയിൽ അനൗചിത്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ജെ) വൈദ്യുതി റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

ശ്രീമതി റോസമ്മ ചാക്കോ : വൈദ്യുതി റഗുലേറ്ററി അതോറിറ്റി രൂപീകരിച്ചിട്ടുള്ള സംസ്ഥാന ബോർഡുകൾക്ക് പവർ ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും എടുത്ത വായ്പകൾക്ക് ഒരു ശതമാനം പലിശ സബ്സിഡിയായിട്ട് ലഭിക്കുമെന്ന് മന്ത്രി പറഞ്ഞു. അങ്ങനെയാണെങ്കിൽ വളരെയധികം സാമ്പത്തിക ബാദ്ധ്യത ഉളവാക്കുകയും വൈദ്യുതിയുടെ താരിഫ് വർദ്ധിച്ചു കൊണ്ട് വരുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇവിടത്തെ ഇലക്ട്രിസിറ്റി ഉപഭോക്താക്കൾക്ക് പ്രയോജനപ്രദമായ രീതിയിൽ ഈ വൈദ്യുതി റഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിന് എന്തുകൊണ്ടാണ് ഈ ഗവണ്മെന്റ് വൈമുഖ്യം കാണിക്കുന്നതെന്നു പറയുമോ?

ശ്രീ. എസ്. ശർമ്മ : വിവിധ സംസ്ഥാനങ്ങളിലെ വൈദ്യുതി റഗുലേറ്ററി അതോറിറ്റി ബിൽ വന്നിട്ടുള്ളത് ഗവണ്മെന്റ് ഇപ്പോൾ പരിശോധിച്ചു വരികയാണ്. ആ പരിശോധന പൂർത്തിയാക്കുന്ന മുറയ്ക്ക് ഇതിലേയ്ക്ക് എത്തുകയെന്നതാണ് ലക്ഷ്യം വയ്ക്കുന്നത്.

ശ്രീമതി റോസമ്മ ചാക്കോ : ഇത് വൈദ്യുതി റഗുലേറ്ററി അതോറിറ്റി ആയതുകൊണ്ട് മറ്റ് സംസ്ഥാനങ്ങളുമായിട്ട് വൈദ്യുതി നിരക്കിന്റെ കാര്യത്തിൽ ഏകീകരണം ഉണ്ടാക്കുന്നതിനും നമ്മുടെ നാട്ടിൽ കൂടുതൽ സുഗമമായി വൈദ്യുതി ലഭ്യമാക്കുന്നതിനും ആവശ്യമായ സഹായം ഇതുമൂലം ഉണ്ടാകുമെന്നിരിക്കെ നമ്മൾ അതിന് തയ്യാറായിട്ടില്ല. പവർ ഫിനാൻസ് കോർപ്പറേഷനിൽ നിന്നും ബോർഡ് എന്ത് തുകയാണ് വായ്പ എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. എസ്. ശർമ്മ : വൈദ്യുതി റഗുലേറ്ററി അതോറിറ്റി ബിൽ ഇൻഡ്യാ ഗവണ്മെന്റ് പാസ്സാക്കിയശേഷം പവർ ഫിനാൻസ് കോർപ്പറേഷനിൽ നിന്നും വായ്പ ഇതുവരെ എടുത്തിട്ടില്ല. അതുകൊണ്ട് അതിന്റെ അളവ് എത്രയാണെന്ന് കണക്കാക്കേണ്ടതായിട്ട് വന്നിട്ടില്ല.

ശ്രീ. തമ്പാനൂർ രവി : അങ്ങിവിടെ നൽകിയ ഉത്തരത്തിൽ (ഐ) വൈദ്യുതി അതോറിറ്റി രൂപീകരിക്കുന്നതിന് മുമ്പ് വൈദ്യുതി നിരക്ക് ഉയർത്തുന്നതിന്റെ ഔചിത്യം എന്തെന്ന് ചോദിച്ചപ്പോൾ അങ്ങ് ഗവണ്മെന്റിന് അധികാരമുണ്ടെന്നു പറഞ്ഞു. ഞാൻ അതിനോട് അനുകൂലിക്കുന്നില്ല. ഇവിടെ 1998-ൽ അങ്ങയുടെ ഗവണ്മെന്റ് വൈദ്യുതി പോളിസി പ്രഖ്യാപിച്ചു. അതിൽ ക്ലാസ് 8(10) ൽ പറയുന്നത് കാലാകാലങ്ങളിൽ താരിഫ് ഘടന പരിശോധിച്ച് കുറ്റമറ്റ ശുപാർശ നൽകുന്നതിന് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ രൂപീകരിക്കും. കമ്മീഷന്റെ ശുപാർശ അന്തിമമായി നടപ്പിലാക്കാൻ ബാദ്ധ്യതപ്പെട്ടതുമായിരിക്കുമെന്ന് പ്രഖ്യാപിച്ച ഗവണ്മെന്റ് എന്തുകൊണ്ടാണ് ഈ കമ്മീഷൻ രൂപീകരിക്കാതെ താരിഫ് റേറ്റ് കൂട്ടിയതെന്ന് വ്യക്തമാക്കുമോ?

ശ്രീ. എസ്. ശർമ്മ : വൈദ്യുതി റഗുലേറ്ററി അതോറിറ്റി കമ്മീഷൻ രൂപീകരിക്കുന്നതുവരെ താരിഫ് വർദ്ധിപ്പിക്കാതെ മുന്നോട്ടു നീങ്ങുക എന്നുള്ളത് ബോർഡിന്റെ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം അസാദ്ധ്യമാക്കുന്ന സാഹചര്യത്തിൽ വൈദ്യുതി നിരക്ക് കൂട്ടാൻ നിർബന്ധിതപ്പെട്ടുയെന്നുള്ളത് ഒരു വസ്തുതയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തമ്പാനൂർ രവി : നമുക്ക് ഹൈഡൽ പ്രോജക്ടും തെർമ്മൽ പ്രോജക്ടുമുണ്ട്. പണ്ടത്തെ അനുപാതം ഹൈഡൽ പ്രോജക്ട് 80 ശതമാനവും തെർമ്മൽ പ്രോജക്ട് 20 ശതമാനവുമാണ്. അങ്ങയുടെ പോളിസിയിൽ പറഞ്ഞിരിക്കുന്നത് 53 ശതമാനം തെർമ്മലും 47 ശതമാനം ഹൈഡലും, എന്നു വച്ചാൽ റേറ്റ് വളരെ കൂടിക്കൊണ്ടിരിക്കുകയാണ്. ഹൈഡൽ വൈദ്യുതി നിരക്ക് 1.16 രൂപയും തെർമൽ വരുമ്പോൾ ഏകദേശം 6 രൂപയുമാകും. അതുകൊണ്ട് പരമാവധി ശ്രമങ്ങൾ നടത്തി കൂടുതൽ ഹൈഡൽ പ്രോജക്ടുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എസ്. ശർമ്മ : ജലവൈദ്യുതി പദ്ധതികളെ മാത്രം ആശ്രയിക്കുകയെന്നുള്ളത് സംസ്ഥാനത്തിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പ്രായോഗികമായ പ്രയാസങ്ങൾ സൃഷ്ടിക്കപ്പെടും. ഇത്തരമൊരു സാഹചര്യത്തിലാണ് തെർമ്മൽ പ്രോജക്ടുകൾ കൂടി ആശ്രയിക്കേണ്ടി വന്നത്. എന്നാൽ ജലവൈദ്യുത പദ്ധതികളും തെർമ്മൽ പ്രോജക്ടുകളും തമ്മിൽ ചെലവിന്റെ കാര്യത്തിൽ വലിയ വ്യത്യാസമുണ്ട്. അത് താരിഫ് വർദ്ധനവിനെതിരെ സ്വാധീനിക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ ജലസ്രോതസ്സുകളെ പരമാവധി പ്രയോജനപ്പെടുത്തി ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് മുന്നോട്ടു വരികയെന്ന നിലയിൽ സ്പെഷ്യൽ ടീമിനെതന്നെ വച്ചുകൊണ്ടുള്ള ഇൻവെസ്റ്റിഗേഷൻ സ്റ്റാർട്ട് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കെ.എ. ചന്ദ്രൻ : വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഉണ്ടാക്കണമെന്ന് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശമുണ്ട്. പവർ പോളിസിയിൽ അത് പ്രഖ്യാപിച്ചിട്ടുമുണ്ട്. പക്ഷെ ഇത് നടപ്പിലാക്കാൻ കാലതാമസം വരുന്നത് എന്തുകൊണ്ടാണ്; ഇത് സമയബന്ധിതമായി നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എസ്. ശർമ്മ : അതിന്റെ എല്ലാ വശങ്ങളെ സംബന്ധിച്ചും കൂടുതൽ വിശദമായ പരിശോധന ആവശ്യമാണെന്നു വരുന്നതുകൊണ്ടാണ് കാലതാമസം നേരിടുന്നത്.

ശ്രീ. ടി.എം. ജേക്കബ് : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതനുസരിച്ച് ഈ ഗവണ്മെന്റിന്റെ കാലാവധിക്കുള്ളിൽ അതോറിറ്റി രൂപീകരണം ഉണ്ടാകുകയില്ലായെന്ന് വ്യക്തമായി. ഈ സാഹചര്യത്തിൽ, പല പ്രാവശ്യമായിട്ട് ഈ താരിഫ് വർദ്ധന ഉണ്ടാക്കിയിട്ടുണ്ട്. അതിനകത്തെ അപാകത പരിഹരിക്കുന്നതിനോടൊപ്പം സംസ്ഥാനത്ത് നിലവിലുള്ള ലോഡ് ഷെഡിംഗ് ഒന്ന് പിൻവലിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. എസ്. ശർമ്മ : ലോഡ് ഷെഡിംഗ് എത്രയും വേഗം പിൻവലിക്കുക എന്നതാണ് ഗവണ്മെന്റിന്റെ ആഗ്രഹം. എങ്കിലും ഇപ്പോൾ ഉല്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ പ്രയോജനം പൂർണ്ണ അളവിൽ സംസ്ഥാനത്ത് ലഭ്യമാക്കണമെന്നുണ്ടെങ്കിൽ നിലവിലുള്ള സിസ്റ്റം കുറെക്കൂടി ഇംപ്രൂവ് ചെയ്യേണ്ടതായിട്ടുണ്ട്. ഒരു യുദ്ധകാലാടിസ്ഥാനത്തിൽ സിസ്റ്റം ഇംപ്രൂവ് ചെയ്യുന്നതിനുവേണ്ടിയുള്ള നടപടിയും സ്വീകരിച്ചുവരികയാണ്. അതിന്റെ മുറയ്ക്കുമാത്രമേ ലോഡ് ഷെഡിംഗ് പിൻവലിയ്ക്കാൻ കഴിയുകയുള്ളൂ.

ശ്രീമതി കെ.ആർ. ഗൗരിയമ്മ : ഇന്ന് ഉല്പാദിപ്പിക്കപ്പെടുന്ന ഇലക്ട്രിസിറ്റി ഡിസ്ട്രിബ്യൂട്ട് ചെയ്യുന്നതിനുവേണ്ടിയുള്ള ഒരു സ്കീമും ഗവണ്മെന്റ് എടുക്കാത്തതിന്റെ ഫലമായിട്ടാണ് ലോഡ് ഷെഡിംഗ് ഏർപ്പെടുത്തേണ്ടി

വന്നത്. ഞാൻ കായംകുളം ഉൾപ്പെടെയാണ് പറയുന്നത്. കായംകുളത്തിന് കുറച്ചുകൂടി കഴിയുമ്പോൾ 100 കോടി രൂപ കൊടുക്കണം. ഇത് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എസ്. ശർമ്മ : ഏതൊരു സ്കീമും ഗവണ്മെന്റ് എടുക്കുന്നില്ല എന്നുള്ളത് ശരിയല്ല. ട്രാൻസിറ്റ് ചെയ്ത് കൊടുക്കുന്നതിന് നിലവിലുള്ള സിസ്റ്റത്തിൽ അപര്യാപ്തതയുണ്ട് എന്നുള്ളത് മനസ്സിലാക്കിക്കൊണ്ടാണ് ഈ വർഷവും അടുത്തവർഷവുമായി 800 കോടി രൂപ ചെലവ് ചെയ്ത് കേരളത്തിൽ 150 സബ് സ്റ്റേഷനുകൾ സ്ഥാപിച്ച് ഉല്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി പ്രസരണരംഗത്തും വിതരണരംഗത്തും കുറ്റമറ്റ രൂപത്തിൽ പ്രയോജനപ്പെടുത്തുന്നതിന് ശാസ്ത്രീയമായ സമീപനത്തോടുകൂടി തന്നെ ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും പടിപടിയായി ഫലം ദർശിക്കാൻ തുടങ്ങുകയും ചെയ്തിട്ടുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു).

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും ഉത്തരങ്ങളും

5 (*35) ചെറുകിട വൈദ്യുത പാക്കേജ് പദ്ധതികൾ

ശ്രീ. പി. നാരായണൻ :
ശ്രീ. പി. രാജു :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വൈദ്യുത പദ്ധതികളിലൂടെ വൈദ്യുതി സ്വരൂപിക്കുന്നതിനുള്ള പാക്കേജ് പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിൽ എത്രമാത്രം വൈദ്യുതി സ്വരൂപിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിയുടെ വിശദവിവരം വെളിപ്പെടുത്തുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) ഉണ്ട്.

(ബി)&(സി) പാക്കേജ് പദ്ധതി വഴി 2000-2001 ആണ്ടോടെ സ്വരൂപിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന വൈദ്യുതിയുടെ കണക്ക് താഴെ കൊടുക്കുന്നു.

1.	ചൈനീസ് പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതികൾ	-	104.75 മെഗാവാട്ട്
2.	ബോർഡ് നേരിട്ടു നടത്തുന്ന പദ്ധതികൾ	-	14.25 മെഗാവാട്ട്
3.	ജില്ലാ പഞ്ചായത്ത് മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതികൾ	-	8.5 മെഗാവാട്ട്

LIBRARY ARCHIVES Kerala Legislative Assembly